ബി1-5888/2017

പഞ്ചായത്ത് ഡയറക്ടറേറ്റ്
തിരുവനന്തപുരം, തീയതി 20.09.2017

# സർക്കുലർ

വിഷയം:--സിവിൽ രജിസ്ട്രേഷൻ- നിർദ്ദിഷ്ട സമയത്തിനു ശേഷം റിപ്പോർട്ടു ചെയ്യുന്ന ജനനങ്ങളുടെയും മരണങ്ങളുടെയും വിവാഹങ്ങളുടെയും രജിസ്ട്രേഷനുള്ള അനുമതിക്കായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്കുള്ള അപേക്ഷ ഓൺലൈനായി സമർപ്പിക്കുന്നതു സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു

സൂചന:-- (1) ചീഫ് രജിസ്ട്രാറുടെ 10.05.2017 ലെ ബി1-15343/2017 നമ്പർ സർക്കുലർ
(2) പഞ്ചായത്ത് ഡയറക്ടറുടെ 10.05.2017 ലെ ബി1-15346/2017 നമ്പർ സർക്കുലർ

സംസ്ഥാനത്തെ എല്ലാ രജിസ്ട്രേഷൻ യൂണിറ്റുകളിലും ജനനങ്ങളുടെയും മരണങ്ങളുടെയും വിവാഹങ്ങളുടെയും രജിസ്ട്രേഷൻ പ്രവർത്തനങ്ങൾ നടത്തുന്നത് *'സേവന'* സിവിൽ രജിസ്ട്രേഷൻ ആപ്ലിക്കേഷൻ മുഖേനയാണ്. സൂചന സർക്കുലർ പ്രകാരമുള്ള എല്ലാ മാറ്റങ്ങളും ഉൾപ്പെടുത്തി സോഫ്റ്റ് വെയർ പരിഷ്കരിച്ച് എല്ലാ രജിസ്ട്രേഷൻ യൂണിറ്റുകളിലും വിന്യസിച്ചു കഴിഞ്ഞു. ബന്ധപ്പെട്ട ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള സമയപരിധിക്കു ശേഷം ഗ്രാമ പഞ്ചായത്തുകളിൽ റിപ്പോർട്ടു ചെയ്യുന്ന ജനനങ്ങളുടെയും മരണങ്ങളുടെയും വിവാഹങ്ങളുടെയും നഗരസഭകളിൽ റിപ്പോർട്ടു ചെയ്യുന്ന വിവാഹങ്ങളുടെയും രജിസ്ട്രേഷന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അനുമതി ആവശ്യമാണ്. ഇപ്രകാരമുള്ള അനുമതി വേഗത്തിൽ ലഭ്യമാക്കുന്നതിനായി പ്രസ്തുത പ്രവർത്തനം പൂർണ്ണമായും ഓൺലൈനായി നടത്തുന്നതിനുള്ള സംവിധാനവും *സേവന* സോഫ്റ്റ് വെയറിൽ ഏർപ്പെടുത്തിയിട്ടുള്ളതാണ്. അനുമതിക്കായി അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതു സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു

1. 2017 സെപ്റ്റംബർ 20 മുതൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അനുമതിക്കായി പ്രൊപ്പോസലുകൾ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.
2. നിലവിൽ മാന്വൽ ആയി അയക്കുന്നതിന് തയ്യാറാക്കിയ പ്രൊപ്പോസലുകൾ എല്ലാ രജിസ്ട്രാർമാരും സെപ്റ്റംബർ 25 നകം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.
3. മേൽപ്പറഞ്ഞ പ്രകാരം മാന്വൽ ആയി സമർപ്പിക്കുന്ന പ്രൊപ്പോസലുകൾ എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരും 2017 ഒക്ടോബർ 20 നകം തീർപ്പാക്കേണ്ടതാണ്.
4. മാന്വൽ ആയി സമർപ്പിക്കുന്നതും ഇതിനകം സമർപ്പിച്ചിട്ടുള്ളതുമായ പ്രൊപ്പോസലുകളിൽ കണ്ടെത്തിയ അപാകങ്ങൾ പരിഹരിച്ച് തിരിച്ചയക്കേണ്ടി വരുന്ന കേസുകളിൽ അവ പുതിയ പ്രൊപ്പോസലായി ഓൺലൈനായി അയക്കേണ്ടതാണ്.
5. ഓൺലൈൻ സംവിധാനത്തിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അപ്രൂവ് ചെയ്ത് ഓൺലൈനായി ലഭിക്കുന്ന ഉത്തരവുകളുടെ അടിസ്ഥാനത്തിൽ മാത്രമേ രജിസ്ട്രേഷൻ സാദ്ധ്യമാകൂ. എന്നാൽ മേൽപ്പറഞ്ഞ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ 2017 ഒക്ടോബർ 20 വരെ മാന്വൽ ആയി നൽകുന്ന

അനുമതി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ നടത്തുന്നതിനായി പ്രത്യേക സൗകര്യം സേവന ആപ്ലിക്കേഷനിൽ നൽകുന്നതാണ്.

6. സോഫ്റ്റ് വെയർ മുഖേന അനുമതിക്കായി പ്രൊപ്പോസലുകൾ അയക്കുന്നതിനും രജിസ്ട്രേഷൻ നടത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾ വ്യക്തമാക്കുന്ന വിശദമായ സഹായക കുറിപ്പുകൾ ഇൻഫർമേഷൻ കേരള മിഷൻ നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കേണ്ടതും ആവശ്യമെങ്കിൽ ടെക്നിക്കൽ ഓഫീസർമാരുടെ സഹായം തേടേണ്ടതുമാണ്. ജില്ലാതലത്തിൽ പരിഹരിക്കാൻ സാധിക്കാത്ത കേസുകൾ ചീഫ് രജിസ്ട്രാറുടെ ശ്രദ്ധയിൽപെടുത്തേണ്ടതാണ്.

(ഒപ്പ്)
**എം.എസ്.നാരായണൻ നമ്പൂതിരി**
**ചീഫ് രജിസ്ട്രാർ (ജനന മരണം)**

എല്ലാ ജനന മരണ രജിസ്ട്രാർമാർക്കും
എല്ലാ ജില്ലാ ജനന മരണ രജിസ്ട്രാർക്കും
പകർപ്പ്: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് (ഉപരിപത്രം സഹിതം)
പഞ്ചായത്ത് ഡയറക്ടറുടെ മേശപ്പുറത്ത്
നഗരകാര്യ ഡയറക്ടർ (ഉപരിപത്രം സഹിതം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. (ഉപരിപത്രം സഹിതം)
എല്ലാ ബ്രാഞ്ച് ഓഫീസർമാർക്കും (പഞ്ചായത്ത് ഡയറക്ടറേറ്റ്)
എല്ലാ സെക്ഷൻ സൂപ്രണ്ടുമാർക്കും (പഞ്ചായത്ത് ഡയറക്ടറേറ്റ്)
കരുതൽ ഫയൽ, അധികം

**ഉത്തരവിൻ പ്രകാരം**



**സൂപ്രണ്ട്**